THE POWER OF UNITY

# യുവം വാർത്തകൾ

EVENING **EDITION**

07/09/2024 Saturday www.yuvammalayaliclub.co.nz





## “ആഘോഷങ്ങൾക്ക് തിരി കൊളുത്തിയപ്പോൾ

# ന്യൂസിലാൻഡ് യുവം മലയാളി ക്ലബ്ബിന്റെ ഓണാഘോഷം

യുവം മലയാളി ക്ലബ്ബിന്റെ ആഭിമുഘ്യത്തിൽ നടന്ന ഓണം 24 സെക്രട്ടറി റോഷൻ വിൻസന്റിന്റെ സ്വാഗതപ്രസംഗത്തോടുകൂടി ആരംഭിച്ചു. തുടർന്നു ടിയാൻ യുവതിന്റെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.യുവതിന്റെ കഴിഞ്ഞ വർഷത്തെ കണക്കുകൾ ട്രെഷറർ സന്ദീപ് അവതരിപ്പിക്കുകയും തുടർന്ന് കേരളം തനിമയാർന്ന തിരുവാതിരയോട് കൂടി ഈ വർഷത്തെ ആഘോഷങ്ങൾക്ക് തുടക്കമായി.

അതിനുശേഷം, പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റയെ പ്രസിഡന്റ് ആയ മിഥുൻ ലാൽ പരിചയപ്പെടുത്തി. പുതിയ യുവം പ്രസിഡന്റ് ആയി അരുൺ തമ്പി തിരഞ്ഞെടുക്കപ്പെട്ടു, അതോടൊപ്പം വൈസ് പ്രസിഡന്റ് ആയി ലിൻസ് എബ്രഹാം, സെക്രട്ടറി ജെഫി ജോസ്, ട്രെഷറർ ജിതിൻ, പ്രോഗ്രാം കമ്മിറ്റി നീനു ബോണി, നിൻസാ നിധീഷ്, ഫുഡ് കമ്മിറ്റി രഞ്ജിത്ത്, ജെയ്സൺ, അസറ്റ് മാനേജ്മന്റ് നിഷാദ്, സ്പോർട്സ് കമ്മിറ്റി ജോമോൻ, അമൽ ചുമതലയേറ്റു. ഓണത്തിന്റെ വരവ് അറിയിച്ചുകൊണ്ട് വിവിധ ഇനം കലാ സാംസ്കാരിക പരിപാടികളും, ഓണക്കളികളും അരങ്ങേറി. യുവം കുരുന്നുകൾ അവതരിപ്പിച്ച നൃത്ത നിർത്ത്യങ്ങൾ അരങ്ങേറി.

ഉച്ചയോടുകൂടി യുവം ഫുഡ് കമ്മിറ്റിയായ നിധീഷ് ഗ്രെജോ നേതൃത്വം നൽകി ഒരുക്കിയ വിഭവസമൃദ്ധമായ ഓണസദ്യ ആളുകളിൽ അവരുടെ പഴയ ഓണക്കാലം ഓർമിപ്പിക്കുംവിധം നടത്തുവാൻ സാധിച്ചു. തുടർന്ന് യുവതിന്റെ സ്വന്തം മ്യൂസിക് ബാൻഡ് ആയ തട്ടുമ്പുറം ബാൻഡിന്റെ സംഗീത വിരുന്നു അരങ്ങുതകർത്തു. അതിനുശേഷം, നാഡീഞരമ്പുകളിൽ നൃത്തത്തിന്റെ അലയൊളിയൊഴുക്കി ടീം മെൽറോസ് ഒരുക്കിയ ഉത്സാഹഭരിതമായ സംഘനൃത്തം അരങ്ങിൽ പ്രകമ്പനം കൊള്ളിച്ചു.

അതിനുശേഷം അത്യന്തം ആവേശഭരിതവും, വാശിയേറിയതുമായ, കൊമ്പന്മാർ ഏറ്റുമുട്ടിയ, വടംവലിക്കു തുടക്കമായി. ഏറെ കാത്തിരിപ്പുകൾക്കു വിരാമം ഇട്ടുകൊണ്ട് മല്ലന്മാർ ഏറ്റുമുട്ടി. ശ്വാസമടക്കിപിടിച്ച നിമിഷനേരങ്ങൾ കാണികളുടെ സിരകളിൽ ആവേശത്തിന്റെ തിരകൾ അണപൊട്ടി. കൗരവപാണ്ഡവഃ യുദ്ധം പോലെ അവസാനപാദ മത്സരത്തിൽ അവർ കൊടുങ്കാറ്റുപോലെ ആഞ്ഞുവീശി. വിജയശ്രീലാളിത്തരായ ടീം അംഗങ്ങൾ യുവം ഓണം 24 വടംവലി കപ്പുയർത്തി.

അതിനുശേഷം യുവം കുടുംബാംഗങ്ങൾ അവതരിപ്പിച്ച വിവിധയിനം കലാപരിപാടികൾ തുടർന്നു. മത്സരങ്ങളിൽ വെന്നിക്കൊടി പാറിച്ച മത്സരാത്ഥികൾക്കുള്ള സമ്മാനദാനത്തോട് കൂടി യുവം ഓണം 24 നു തിരശീല വീണു. ഓർമയിൽ ഓമനിക്കാൻ മറ്റൊരു ഓണകാലംകൂടി ഏവരുടെയും മനസ്സിൽ നിറക്കാൻ സാധിച്ചു എന്നത് യുവം മലയാളി ക്ലബിന് മറ്റൊരു പൊൻതൂവൽ കൂടി അണിയുവാൻ അവസരമായി.







പഴയ കമ്മിറ്റി അംഗങ്ങൾക്കൊപ്പം പുതിയ നേതൃത നിരയിലുള്ളവർ



# ഓണംGAMES

യുവം ഓണം 24 നോട് അനുബന്ധിച്ചു ആഴ്ചകൾക്കുമുന്നേ ആരംഭിച്ച വിവിധയിനം മത്സരങ്ങളായ ഫുട്ബോൾ, ചെസ്സ്, കാരം ബോർഡ് , എന്നിവയോടൊപ്പം നാട്ടിൻപുറത്തിന്റെ തനതായ റമ്മി, ഇരുപത്തിയെട്ടു എന്നീ ചീട്ടുകളികൾ നടത്തപ്പെട്ടു. വിജയികൾക്കുള്ള സമ്മാനദാനം യുവം ഓണം 24 ന്റെ അരങ്ങിൽ സമ്മാനിച്ചു.















Prepared By: Fransan Joseph, Midhun Lal, Anirudh

THE POWER OF UNITY

# OUR PROGRAM SPONSORS



















തട്ടുമ്പുറം BAND

malayalamFM 104.6

EVERY 2ND & 4TH
**FRIDAY**
**7:50PM**

"STAY TUNED"
**104.6** MALAYALAM **FM**



Prepared By: Fransan Joseph, Midhun Lal, Anirudh